പ്രസിദ്ധീകരിച്ചതിനാൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇതൊഴിവാക്കാനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ഉത്തരവ് നൽകിയതിനുശേഷം രജിസ്റ്റർ ചെയ്ത് ഭൂമി ഏറ്റെടുക്കാവുന്നതാണ്.

ഭൂമിയുടെ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം

171 (1204) ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സമ്പ്രദായം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സമ്പ്രദായം നടപ്പാക്കുന്നതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽവരുന്ന 17 വില്ലേജുകളിൽ ഈ പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനംവഴി ബന്ധിപ്പിച്ചുകൊണ്ട് 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) പാലക്കാട് യൂണിറ്റ് തയ്യാറാക്കിയ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ്വെയറാണ് ഇതിനായി ഉപയോഗിക്കുന്നത്. ഈ പദ്ധതിവഴി 6-6-2015-ന് രാവിലെ 11.10 വരെ 19242 ഓൺലൈൻ പോക്കുവരവ് നടന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി "ഓപ്പൺ പേൾ" എന്ന സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കിയിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളുമായി ഓലിസിനെ ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ പോക്കുവരവ് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. തുടർന്ന് സംസ്ഥാനമൊട്ടാകെ ഓൺലൈൻ പോക്കുവരവ് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) നിലവിലെ സംവിധാനമനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഒഴിവായി കിട്ടുകയും വില്ലേജ് റിക്കാർഡുകളുടെ കൃത്യത ഉറപ്പാകുകയും ചെയ്യുന്നു. മാത്രമല്ല സർക്കാർ ഭൂമി യാതൊരു കാരണവശാലും അനധികൃതമായി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ പോക്കുവരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകാതെ സൂക്ഷിക്കുവാനും കഴിയുന്നു.

(സി) റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും എൻ.ഐ.സി., അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്.

വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളുടെ സ്പിൽ ഓവർ പ്രവർത്തനങ്ങൾ

172 (1205) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് 31-ന് അനുമതി ലഭിച്ചിട്ടുള്ളതും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ തുടർന്നും പൂർത്തീകരിക്കാൻ സമയവും തുകയും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി പുറത്തിറക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 31-3-2015-നുമുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും പ്രസ്തുത തീയതിക്കുമുമ്പ് ആരംഭിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly